"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റ ഉടമസ്ഥതയിൽ ഇരിവേരി വില്ലേജിലുള്ള ഭൂമി, മൂന്ന് സെന്റ് വീതം ലൈഫ് ഭൂരഹിത ഭവന രഹിത പട്ടികയിൽ ഉൾപ്പെട്ടവർക്ക് മുൻഗണനാക്രമം പാലിച്ച് കൊണ്ട്, അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2768/2025/LSGD തീയതി,തിരുവനന്തപുരം, 10-11-2025

---

പരാമർശം:-
1. ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റെ 11/03/2024 ലെ സാധാരണ യോഗത്തിന്റെ 8 ാം നമ്പർ തീരുമാനം
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 20/09/2025, 15/10/2025 തീയതികളിലെ തസ്വഭവ/പിഡി/29014/2025- ഡിപിഎൽഎ3 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിലെ ചെമ്പിലോട് ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഇരിവേരി വില്ലേജിലെ റീസർവ്വ 129/187 ൽ പ്പെട്ട ഭൂമി മൂന്ന് സെന്റ് വീതം പഞ്ചായത്തിന്റെ ഭൂരഹിത ഭവന രഹിത ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട 12 പേർക്ക് അനുവദിക്കുന്നതിനായി സർക്കാർ അനുമതി ലഭ്യമാക്കുന്നതിന് ചെമ്പിലോട് ഗ്രാമ പഞ്ചായത്ത് പരാമർശം (1) പ്രകാരം തീരുമാനിച്ചിരുന്നു.

ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റ ഉടമസ്ഥതയിൽ ഒൻപതാം വാർഡിൽ ഇരിവേരി വില്ലേജിൽ റീ സർവ്വേ നം.129/187 ൽ ഉൾപ്പെട്ട അറുപത്തേഴര(671/2) സെന്റ് ഭൂമി, ഭൂരഹിത ഗ്രാമീണ തൊഴിലാളികൾക്ക് വീട് നിർമ്മാണത്തിന് സൗജന്യമായി നൽകുന്നതിന് 3/01/1997 ലെ 25/1996 നമ്പർ വിലയാധാര പ്രകാരം പഞ്ചായത്ത് വാങ്ങിയതായും, ആയത് തരിശ് ഇനത്തിൽ പെട്ട, വീട് നിർമ്മിക്കാൻ അനുയോജ്യമായ സ്ഥലമാണെന്നും, ലൈഫ് ഗുണഭോക്താക്കൾക്ക് 3 സെന്റ് വീതം വിഭജിച്ച് നൽകാവുന്നതാണെന്നും പരാമർശം (2) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ ചെമ്പിലോട് ഗ്രാമ

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഇരിവേരി വില്ലേജിലെ റീസർവ്വ നം.129/187 ൽ പ്പെട്ട ഭൂമി, ലൈഫ് ഭൂരഹിത ഭവന രഹിത പട്ടികയിലെ മുൻഗണനാക്രമം പാലിക്കേണ്ടതാണ് എന്ന വ്യവസ്ഥയിൽ, മൂന്ന് സെന്റ് വീതം പഞ്ചായത്തിന്റെ ലൈഫ് ഭൂരഹിത ഭവന രഹിത ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട 12 പേർക്ക് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, ചെമ്പിലോട് ഗ്രാമപഞ്ചായത്ത്, കണ്ണൂർ

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 10-11-2025 11:23:08
സെക്ഷൻ ഓഫീസർ